II ഇ.ബി. XIV-കേരള നിയമസഭ /II-22

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 നവംബർ 08, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

68 (*751) ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് (എയിംസ്) തുല്യമായ ഒരു സ്ഥാപനം സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഒന്നിലധികം സ്ഥലങ്ങൾ കണ്ടെത്തി അറിയിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട്, തിരുവനന്തപുരം, കോട്ടയം, എറണാകുളം ജില്ലകളിലായി നാല് സ്ഥലങ്ങൾ കണ്ടെത്തുകയും പ്രസ്തുത സ്ഥാപനം നിർമ്മിക്കുന്നതിന് പര്യാപ്തമാണെന്ന് കേന്ദ്ര

സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഘട്ടം ഘട്ടമായി തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങൾക്കാണ് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് നിലവാരമുള്ള സ്ഥാപനം അനുവദിക്കുന്നതെന്നും 2015-2016-ലെ വാർഷിക ബഡ്ജറ്റിൽ ജമ്മു കാശ്മീർ, പഞ്ചാബ്, ഹിമാചൽ പ്രദേശ്, അസ്സം, തമിഴ്നാട് എന്നിവയ്ക്കാണ് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് പ്രകാരമുള്ള സ്ഥാപനം അനുവദിച്ചതെന്നും തുടർന്നുള്ള ഘട്ടങ്ങളിൽ കേരളത്തിന് അനുവദിക്കുന്നതാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഇതിനായി സ്പെഷ്യൽ ഓഫീസറെ ഇതുവരെ നിയമിച്ചിട്ടില്ലെന്നും നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളുടെ സാധ്യതകൾ പരിശോധിക്കുന്നതിന് വിദഗ്ധസംഘത്തെ അയയ്ക്കണമെന്ന് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ നേരിൽ കണ്ട് ആവശ്യപ്പെട്ടിട്ടും അതുസംബന്ധിച്ച് യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. എയിംസ് അനുവദിച്ചുകിട്ടുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നതോടൊപ്പം നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ പോരായ്മകൾ പരിഹരിച്ച് എയിംസ് നിലവാരത്തിലേയ്ക്ക് കൊണ്ടുവരുന്നതിനാണ് ശ്രമിക്കുന്നത്. കേന്ദ്രഗവൺമെന്റിൽനിന്ന് യാതൊരു നടപടിയുമുണ്ടാകാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥാപനം സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ നാല് സ്ഥലങ്ങളിൽ ഒരെണ്ണം തെരഞ്ഞെടുത്ത് അവിടെ അനുമതി നൽകണമെന്ന്

നിർദ്ദേശിക്കുന്നതായിരിക്കും ഉചിതമെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ക്യാൻസർ വ്യാപകമായി വരുന്ന സാഹചര്യത്തിൽ മലബാർ ക്യാൻസർ സെന്ററിന്റെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ്, മാഹി പ്രദേശങ്ങളിൽ ഇതുസംബന്ധിച്ച് പഠനം നടത്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെന്നും ഇ-ഹെൽത്ത് രജിസ്റ്റർ തയ്യാറാക്കുമ്പോൾ സംസ്ഥാനമൊട്ടാകെയുള്ള വിവരങ്ങൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായും മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ സ്ഥാപനങ്ങൾ സഹായ സന്നദ്ധത പ്രകടിപ്പിച്ചതിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ മാതൃഭൂമി മിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

69(*752) <u>ഇ-ഹെൽത്ത് പദ്ധതി</u>

ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഇ-ഹെൽത്ത് പദ്ധതിക്കായി ആശുപത്രികളിൽ കമ്പ്യൂട്ടറുകൾ, സർവറുകൾ, പ്രിന്ററുകൾ എന്നീ ഹാർഡ്‌വെയറുകളും നെറ്റ്‌വർക്കിനാവശ്യമായ വയറിംഗ്, ജനറേറ്റർ, യു.പി.എസ്. കേബിളുകളും ഇലക്ട്രിക്-നെറ്റ്‌വർക്ക് കണക്ഷനും ഫീൽഡ് തലങ്ങളിൽ പ്രവർത്തനവും വിവരശേഖരണവും നടത്തുന്ന ജീവനക്കാർക്കായി പതിനായിരത്തോളം Tablet Pc യും ആവശ്യമുണ്ടെന്ന് സഭയെ അറിയിച്ചു. തിരുവനന്തപുരം ജില്ലയിലെ വേളി, ചെറിന്നീയൂർ, ഉഴമലയ്ക്കൽ

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, മണനൂർ, വെള്ളനാട് എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ചിറയിൻകീഴ്, ഫോർട്ട് എന്നീ താലൂക്ക് ആശുപത്രികൾ, പേരൂർക്കട ജില്ലാ ആശുപത്രി, തൈക്കാട് വിമൺ ആന്റ് ചൈൽഡ് സ്പെഷ്യാലിറ്റി ആശുപത്രി, ജനറൽ ആശുപത്രി, ടി.ബി. സെന്റർ, പബ്ലിക് ഹെൽത്ത് ലാബ്, മെഡിക്കൽ കോളേജ് എന്നീ 13 സ്ഥാപനങ്ങളിൽ മാതൃകാ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി അവലോകനം നടത്തിയതിനുശേഷം സംസ്ഥാന വ്യാപകമായി നടപ്പിലാക്കുമെന്ന് മന്ത്രി വ്യക്തമാക്കി. 7 ജില്ലകളാണ് ഈ പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്. ആധാർ കാർഡ് ലിങ്ക് ചെയ്തുകൊണ്ട് രോഗിയുടെ ആരോഗ്യ വിവരങ്ങൾ, ആ പ്രദേശത്തെ പകർച്ചവ്യാധി സാധ്യതകൾ, നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ്, ശൗചാലയം, കുടിവെള്ളം, മാലിന്യ സംസ്കരണ രീതി എന്നിങ്ങനെ ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഇ-രജിസ്റ്ററിൽ രേഖപ്പെടുത്തി നെറ്റ്‌വർക്ക് മുഖാന്തരം പങ്കുവയ്ക്കുന്നതിനാൽ അടിയന്തര സാഹചര്യങ്ങളിൽ വളരെ ഫലപ്രദമായ ചികിത്സ ലഭ്യമാക്കാൻ സാധിക്കും. ആർദ്രം മിഷന്റെ ഭാഗമായുള്ള ഒ.പി.ഡി. ബ്ലോക്കുകളുടെ ട്രാൻസ്ഫർമേഷനിലൂടെ ആശുപത്രികളിൽ ക്യൂ സിസ്റ്റം ഒഴിവാക്കി രോഗികൾക്ക് ആവശ്യമായ ഇടങ്ങളിലേക്ക് വേഗത്തിൽ എത്തിച്ചേരുന്നതിനുള്ള സൗകര്യമാണ് സാധ്യമാക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രോഗനിർണ്ണയ/രോഗപ്രതിരോധ

പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുന്നതിനായി സമ്പൂർണ്ണ പ്രാഥമികാരോഗ്യദൗത്യം എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

70( +T*753) കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ഓരോ വകുപ്പിലെയും ജോലിഭാരം പഠിക്കാൻ നിയോഗിച്ച ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ O&M വർക്ക് സ്റ്റഡി ശിപാർശ പ്രകാരം മജിസ്ട്രേറ്റ് കോടതികളിൽ സൃഷ്ടിക്കേണ്ടതായ 784 തസ്തികകളിൽ 224 ക്ലറിക്കൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ബാക്കി തസ്തികകൾ ഉടനെ സൃഷ്ടിക്കുവാൻ നിർവ്വാഹമില്ലെന്നും സഭയെ അറിയിച്ചു. കീഴ് കോടതികളിലെ സിവിൽ, ക്രിമിനൽ ഡിപ്പാർട്ട്മെന്റുകൾ ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായും കഴിഞ്ഞ 3 വർഷത്തെ സ്റ്റാറ്റിസ്റ്റിക്സ് അനുസരിച്ച് തീർപ്പാക്കേണ്ട ചെക്ക് കേസുകളുടെ എണ്ണം കുറഞ്ഞുവരുന്നതായും ഇത് കൈകാര്യം ചെയ്യുന്നതിനായി 3 സ്പെഷ്യൽ ജെ.എഫ്.എം.സി. കോടതികൾ അധികമായി രൂപീകരിച്ചിട്ടുണ്ടെന്നും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് പ്രകാരമുള്ള കേസുകൾ തീർപ്പാക്കുന്നതിന് 50 മുൻസിഫ് കോടതികൾക്ക്

---

+ മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

മജിസ്റ്റീരിയൽ അധികാരം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കോടതികളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ബഡ്ജറ്റ് പ്രഖ്യാപനത്തിനുമുമ്പ് ഫിനാൻസ് സെക്രട്ടറി ഹൈക്കോടതി രജിസ്ട്രാറുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. 15 ഗ്രാമ ന്യായാലയങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഇവയുടെ ജൂറിസ്ഡിക്ഷൻ ഭൂമിശാസ്ത്രപരമായി ജനങ്ങൾക്ക് സൗകര്യപ്രദമായി ക്രമീകരിക്കുന്ന കാര്യവും ഭൗതിക സാഹചര്യങ്ങളുള്ള സ്ഥലത്ത് അഡീഷണൽ കോടതി അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങളും പരിശോധിക്കുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

71(*754) <u>അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സർക്കാർ സർവ്വീസിലെ ചില വ്യാജ നിയമനങ്ങളും നിയമന തട്ടിപ്പുകളും വെളിച്ചത്തുവന്നതിനെ തുടർന്ന് 2001 ജനുവരി 1 മുതൽ 2010 ഡിസംബർ 31 വരെയുള്ള കാലയളവിൽ നടന്ന പി.എസ്.സി. നിയമനങ്ങൾ പരിശോധിക്കാനായി 14.12.2010-ലെ ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനുകീഴിൽ സ്പെഷ്യൽ സെല്ലും തുടർന്ന് 01.03.2011-ലെ ഉത്തരവ് പ്രകാരം അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ്

സെല്ലും രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഉന്നത ഉദ്യോഗസ്ഥരടങ്ങുന്ന ആറ് ടീം വിവിധ വകുപ്പുകളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന മേൽ കാലയളവിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സർവ്വീസ് ബുക്ക് പി.എസ്.സി. ഓഫീസുകളിൽനിന്നും ലഭ്യമായ രേഖകളുമായി ഒത്തുനോക്കി ടി നിയമനങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്തുകയും അറ്റൻഡൻസ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ക്യാഷ് ബുക്ക് തുടങ്ങിയവ പരിശോധിക്കുകയും ഓഫീസുകളിൽ ആകസ്മിക പരിശോധന (sudden inspection) നടത്തുകയും ഓരോ വകുപ്പുകളിലും ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ചുവരികയും ചെയ്യുന്നു. എല്ലാ മാസവും ആദ്യവാരം അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിലും മൂന്നു മാസം കൂടുമ്പോൾ പ്രിൻസിപ്പൽ സെക്രട്ടറിയുടെ മേൽനോട്ടത്തിലും സെല്ലിന്റെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ഓരോ മാസവും ഇതുസംബന്ധിച്ചുള്ള പുരോഗതിയും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്നതും മന്ത്രിസഭയുടെ മുമ്പാകെ ചീഫ് സെക്രട്ടറി റിപ്പോർട്ട് ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6031 മുതൽ 6610 വരെയുള്ള ചോദ്യങ്ങളിൽ 23 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)